ശബരിമല മാസ്റ്റർ പ്ലാൻ

32(2500) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ഏതു ഘട്ടംവരെയായി എന്നു പറയാമോ; ഇതിന്റെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്; നിർമ്മാണം ആരംഭിച്ചത് എന്ന്; പണി എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രധാന ഡിസൈനിന് മാറ്റം വരുത്തിയോ; എങ്കിൽ എന്തുകൊണ്ട് മാറ്റം വരുത്തി; പ്ലാന്റിന്റെ പണി എന്നു പൂർത്തിയാക്കാനാവും എന്നു പറയാനാകുമോ;

(ബി) സന്നിധാനത്തെ കൃ കോംപ്ലക്സിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി; പണി ആരംഭിച്ചത് എന്നാണ്; പണി വൈകാനുള്ള കാരണം വ്യക്തമാക്കാമോ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്; എന്നത്തേക്ക് പണി പൂർത്തിയാക്കാനാകും;

(സി) സന്നിധാനത്തെ രണ്ട് അന്നദാന മണ്ഡപങ്ങളുടെ പണി ആരംഭിച്ചത് എന്ന്; നിർമ്മാണം ഏതു ഘട്ടം വരെയായി; വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്നപരിഹാരത്തിന് എന്തു നടപടി സ്വീകരിച്ചു; പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് പറയാമോ;

(ഡി) സന്നിധാനത്തിലും പമ്പയിലുമായി നിർമ്മിക്കുന്ന ടോയ്ലെറ്റ് ബ്ലോക്കുകളുടെ പണി ആരംഭിച്ചത് എന്ന്; അടുത്ത സീസണിനു മുമ്പ് പണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) നിലയ്ക്കൽ ബേസ്മെന്റ് ക്യാമ്പിന്റെ വികസനം ആരംഭിച്ചത് ഏതു വർഷമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകുകയും പ്ലാന്റിന്റെ ഉദ്ഘാടനം 10-11-2015-ൽ നിർവ്വഹിക്കുകയും ചെയ്തു. പ്ലാന്റ് പ്രവർത്തനക്ഷമമാണ്. അഞ്ച് ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിക്കുവാൻ ശേഷിയുള്ള പ്രസ്തുത പ്ലാന്റിന്റെ മാലിന്യ സംസ്കരണ പ്രക്രിയകൾ പൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. പ്ലാന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ ചെലവ് 21.70 കോടി രൂപയാണ്. കൂടാതെ ആദ്യത്തെ ഒരു വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡിൽ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനായി 18 ലക്ഷം രൂപയും പിന്നീടുള്ള അഞ്ചുവർഷക്കാലം ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനായി യഥാക്രമം ഓരോ വർഷവും 1.3, 17.10, 19.80, 21.6, 25.20 ലക്ഷം. എന്ന കണക്കിൽ നൽകേണ്ടതായിട്ടുണ്ട്. മൊത്തം ചെലവ് 22.87 കോടി രൂപവരും. ടെണ്ടർ വിളിച്ച ഡിസൈൻ പ്രകാരമാണ് പണികൾ നടത്തിയത്. 30-6-2015-ന് പൂർത്തിയാക്കാനുദ്ദേശിച്ചിരുന്നു. എന്നാൽ നിർമ്മാണത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ ലേ ഔട്ട് പ്രകാരം തെരഞ്ഞെടുത്ത സ്ഥലം കട്ടിയുള്ള കരിങ്കൽ പ്രദേശമായതിനാലും വനപ്രദേശം എന്ന നിലയിൽ സാധാരണ രീതിയിൽ പാറ പൊട്ടിക്കുവാൻ അനുവാദമില്ലാത്തതിനാലും കൺട്രോൾഡ് ബ്ലാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതായി വന്നതിനാലുമാണ് പ്രധാനമായും പദ്ധതി പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയത് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ആറ് കൃ കോംപ്ലക്സുകളുടെ നിർമ്മാണം ഈ സീസണ് മുമ്പ് പൂർത്തിയായിട്ടുണ്ട്. തുടർന്ന് മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള നാല് കൃ കോംപ്ലക്സുകളുടെയും ശരംകുത്തി മുതൽ സന്നിധാനം വരെയുള്ള നാല് കൃ കോപ്ലക്സുകളുടെയും നിർമ്മാണം സീസൺ കഴിഞ്ഞാലുടൻ ആരംഭിച്ച് 2016-17 ലെ സീസണിനു മുമ്പ് പൂർത്തിയാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ടെണ്ടർ വിളിച്ച സന്ദർഭങ്ങളിൽ ആരും കരാർ ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ടുവരാത്തതാണ് പ്രധാനമായും പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്.

(സി) സന്നിധാനത്ത് രണ്ട് അന്നദാന മണ്ഡപങ്ങൾ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ശ്രീ. സുദർശൻ റെഡ്ഡി, ഹൈദരാബാദ്, ശ്രീ. സുനിൽ സ്വാമി, കൊല്ലം എന്നിവർക്ക് നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ശ്രീ. സുദർശൻ റെഡ്ഡി തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രവർത്തിക്കാത്തതിനാൽ ആയത് ക്യാൻസൽ ചെയ്യുകയും കോടതിയെ സമീപിച്ച ശ്രീ. സുദർശന റെഡ്ഡിയുടെ കേസ് ഹൈക്കോടതി തള്ളിക്കളയുകയും ഡിപ്പാർട്ട്മെന്റ് നേരിട്ട് നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്. ഈ അന്നദാന മണ്ഡപം ബേസ്മെന്റ് ലെവൽ വരെ മാത്രമേ ആയിട്ടുള്ളൂ. രണ്ടാമത്തെ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയുടെ പകുതിവരെ ആയിട്ടുണ്ട്. അടുത്ത സീസണിനു മുമ്പ് പണികൾ പൂർത്തീകരിക്കുമെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്.

(ഡി) സന്നിധാനത്തും പമ്പയിലുമായി നിർമ്മിക്കുന്ന ടോയ്ലെറ്റ് ബ്ലോക്കുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) 2010.

LIBRARY ARCHIVES Kerala Legislative Assembly